(സി) പെട്രോൾ, ഡീസൽ എന്നിവയുടെ നീട്ടെയിൽ വില ടാക്സബിൽ വല്യുവിന്മേലുള്ള വിൽപ്പന നികുതി, സെസ്സ്, കമ്മിഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇതിൽ ടാക്സബിൾ വാല്യു എന്നത് ഇന്ധനത്തിന്റെ അടിസ്ഥാന വില, എക്സൈസ് ഡ്യൂട്ടി, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ ഉൾപ്പെട്ടതാണ്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ യഥാർത്ഥവിലയും അതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതിയും ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

ജ്വല്ലറികളുടെ സ്വർണ്ണ സമ്പാദ്യ പദ്ധതി

230(570) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജ്വല്ലറികളിൽ പൊതുജനങ്ങളിൽ നിന്നും സ്വർണ്ണ സമ്പാദ്യ പദ്ധതി എന്ന പേരിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നിക്ഷേപ പദ്ധതികൾ ആരംഭിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് ജ്വല്ലറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ എപ്രകാരമാണ് ജ്വല്ലറികൾ ഇത്തരം നിക്ഷേപ പദ്ധതികൾ നടത്തി വരുന്നതെന്ന് അറിയിക്കുമോ ;

(ഡി) അനുമതി ഇല്ലാതെ നിക്ഷേപ പദ്ധതികൾ നടത്തുന്ന ജ്വല്ലറികൾ ക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇത്തരം നിക്ഷേപ പദ്ധതികൾ തുടങ്ങുന്നതിന് ജ്വല്ലറികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടില്ല. ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീരിച്ച് കാലാവധി പൂർത്തിയാകുമ്പോൾ സ്വർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

തിരികെ നൽകുകയാണ് ചെയ്യുവരുന്നത്. ജ്വല്ലറികളിലെ സ്വർണ്ണ സമ്പാദ്യ പദ്ധതികളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണർ(Admn.),രജിസ്ട്രേഷൻ ഐ.ജി യുടെ ഓഫീസിലെ ലീഗൽ ഓഫീസർ ഡെപ്യൂട്ടി ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും കാലാവധി യാകുമ്പോൾ സ്വർണ്ണത്തിനു പകരം പലിശ സഹിതം പണമായി മടക്കിനൽകുന്നു ണ്ടോയെന്ന് ജ്വല്ലറികളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മിഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം നിക്ഷേപത്തുക പണമായി മടക്കി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

ഇണിത്തരങ്ങളുടെ വിറ്റു വരവ്- ടേൺഓവർ ടാക്സ്

231 (571) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇണിത്തരങ്ങളുടെ വിറ്റുവരവിൻമേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത് ഏതു തീയതി മുതലാണെന്നും ഇതുവഴി തന്നാണ്ടിൽ എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച അധിക വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ടേണോവർ ടാക്സ് വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നും നൽകേണ്ടതുണ്ടോ ; ഉപഭോക്താക്കളിൽ നിന്നും ഇത് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1-4-2014 മുതലാണ് ടെക്സ്റ്റൈൽ ഇനങ്ങളുടെ മേൽ 2 ശതമാനം ടേൺഓവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 100 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly